**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡിഷണൽ ഡയറക്ടറുടെ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)**
**നടപടിക്രമം**

---

വിഷയം:- ആ.വ.ഡ.- ജീവനക്കാര്യം- റേഡിയോഗ്രാഫർ തസ്തികയിലെ 2025 - ലെ പൊതുസ്ഥലം മാറ്റം - വിടുതൽ അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- ഈ കാര്യാലയത്തിൽ നിന്നുള്ള 29.05.2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നം: ആ.വ.ഡ./9433/2025- ഇ.എഫ്.3, തീയതി: 04-06-2025**

---

ആരോഗ്യവകുപ്പിലെ റേഡിയോഗ്രാഫർ തസ്തികയിലെ ജീവനക്കാരുടെ 2025 ലെ പൊതുസ്ഥലം മാറ്റം - അന്തിമപട്ടിക പരാമർശ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ നിന്നും വ്യത്യസ്തമായി, പുതുതായി ചേർക്കപ്പെടുകയോ/ ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുള്ള ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയതു സമർപ്പിക്കുന്നതിനായി 3 ദിവസം സമയം അനുവദിച്ചിരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ച അപ്പീൽ അപേക്ഷകൾ അപ്പീൽ കമ്മിറ്റി പരിശോധിച്ചു പരിഗണനാർഹമായവ ഇല്ല എന്നു കണ്ടെത്തിയതിനാൽ പരാമർശ ഉത്തരവ് ഭേദഗതിയില്ലാതെ നിലനിൽക്കുന്നതാണ്.

സ്ഥലം മാറ്റിയിട്ടുള്ള ജീവനക്കാരെ, ഈ ഉത്തരവ് പ്രസിദ്ധീകരിച്ച തീയതി മുതൽ പരമാവധി 10 ദിവസങ്ങൾക്കുള്ളിൽ എല്ലാ സ്ഥാപന മേധാവികളും പകരക്കാരെ കാത്തു നിൽക്കാതെ വിടുതൽ ചെയ്യേണ്ടതും വിടുതൽ / പ്രവേശന വിവരങ്ങൾ ഈ കാര്യാലയത്തിൽ സമയബന്ധിതമായി അറിയിക്കേണ്ടതുമാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗികാവശ്യങ്ങൾക്കുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
A P Dinesh Kumar
Date: 04-06-2025 15:05:25

**A P Dinesh Kumar**
**ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)**

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ഓഫീസർമാർ/
ബന്ധപ്പെട്ട സ്ഥാപന മേധാവികൾ/
ബന്ധപ്പെട്ട ജീവനക്കാർ.

പകർപ്പ്:

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
2. ഫയൽ/ കരുതൽ ഫയൽ.